# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2172** 05.12.2018 - ൽ മറുപടിയ്ക്ക്

## അവയവദാനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീമതി ഇ.എസ്.ബിജിമോൾ :** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി ) |
| (എ) അവയവദാനം നിരുൽസാഹപ്പെടുത്തുന്ന പ്രചരണങ്ങൾ തടയുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ 'മൃതസഞ്ജീവനി' വഴി സംസ്ഥാനത്തുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിച്ചു വരുന്നുണ്ട്. അവയവദാനത്തിന് താല്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും വിവിധ മേളകളിൽ വച്ച് അവയവദാന സമ്മതപത്ര വിതരണം നടത്തിവരുകയും ചെയ്യുന്നു. കൂടാതെ പ്രശസ്ത സിനിമാ താരം പത്മശ്രീ മോഹൻലാലിനെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയുടെ ഗുഡ് വിൽ അംബാസിഡറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) അവയവദാതാവിനും സ്വീകർത്താവിനും ആരോഗ്യപരമായ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചു വരുന്ന നിയമപരമായ നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) അവയവദാനത്തിനും മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കും മുൻപ് അവയവ ദാതാവിനേയും സ്വീകർത്താവിനേയും വിശദമായ വൈദ്യപരിശോധനയ്ക്ക് വിധേയരാക്കാറുണ്ട്. അവയവദാതാവിന് അവയവം ദാനം ചെയ്യുന്നതിനുള്ള ജീവശാസ്ത്രപരമായ കഴിവ്, അനുയോജ്യത എന്നിവ നിർണ്ണയിക്കുന്നതിനുള്ള മെഡിക്കൽ പരിശോധനകളും കൂടാതെ ദാതാവിന്റെ മാനസികനില സാക്ഷ്യപ്പെടുത്തുന്നതിനുള്ള പരിശോധനകളും നടത്താറുണ്ട്. പ്രസ്തുത പരിശോധനാ റിപ്പോർട്ട് 1994 ലെ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നിയമം അനുസരിച്ച് ആശുപത്രികളിൽ രൂപീകരിച്ചിട്ടുള്ള കോംപീറ്റന്റ് അതോറിറ്റി (Competent Authority)യിലോ ആതറൈസേഷൻ കമ്മറ്റിയിലോ ജില്ലാതല ആതറൈസേഷൻ കമ്മറ്റിയിലോ അവലോകനം ചെയ്തതിനുശേഷമാണ് ശസ്ത്രക്രിയയ്ക്ക് അനുമതി നൽകുന്നത്. |

| | |
|---|---|
| (സി) ഏതൊക്കെ മേഖലകളിൽ നിന്നുള്ള വിദഗ്ദ്ധർ അംഗങ്ങളായാണ് അവയവദാന ഓതറൈസേഷൻ കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (സി) ബന്ധപ്പെട്ട മെഡിക്കൽ കോളേജുകളിലെ ഫോറൻസിക് മെഡിസിൻ, ന്യൂറോളജി, ജനറൽ സർജറി വിഭാഗങ്ങളിലെ മേധാവികൾ, ജില്ലാ മെഡിക്കൽ ആഫീസർ, തുടങ്ങിയ ആരോഗ്യ രംഗത്തെ വിദഗ്ദ്ധർ ഉൾപ്പെട്ടതാണ് ഓതറൈസേഷൻ കമ്മറ്റി. |

സെക്ഷൻ ഓഫീസർ